കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# കൈനകരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി1/135/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.29/05/2020

ഡെപ്യൂട്ടി ഡയറക്ടർ

.
.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൈനകരി ഗ്രാമ പഞ്ചായത്ത്

.
.

സർ,

വിഷയം : - കൈനകരി ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2018 - 19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി1/135/2020 തീയതി, 29/05/2020

.
.

# ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.02.2019 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സന്തോഷ് കെ.വി,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 27.12.2019മുതൽ 07.01.2020 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ )<br>ശ്രീമതി.എ.ഡി.ബീന,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ലക്ഷ്മീകാന്ത് പി, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീമതി. ഷീല സജീവ് | 01.04.2018 മുതൽ 31.03.2019വരെ |

**2) സെക്രട്ടറി**

| | |
|---|---|
| ശ്രീ. പി. ജി. പ്രകാശ് | 01.04.2018 മുതൽ 06.05.2018വരെ<br>28.05.2018 മുതൽ 25.09.2018 വരെ |
| ശ്രീമതി.ഇന്ദു.ബി (ചാർജ്) | 0.7.05.2018 മുതൽ 27.05.2018വരെ |

| | |
|---|---|
| അസി. സെക്രട്ടറി | 26.09.2018 മുതൽ 07.10.2018വരെ |
| ശ്രീ . പി.വി.വിനോദ് | 08.10.2018 മുതൽ 31.03.2019വരെ |

**3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ജിജോ പള്ളിക്കൽ | 1.4.2018 മുതൽ 31.3.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി. സുഷമ പി.വി | 1.4.2018 മുതൽ 13.11.2018വരെ |
| | | ശ്രീമതി.ഗിരിജാ ബിനോദ് | 14.12.2018 മുതൽ 31.03.2019വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. കെ. പി. രാജീവ് | 1.4.2018 മുതൽ 31.3.2019 വരെ |
| 4 | ആരോഗ്യകാര്യം - വിദ്യാഭ്യാസകാര്യം | ശ്രീമതി. സുബി സന്തോഷ് | 1.4.2018 മുതൽ 31.3.2019 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ബിനോയ് ബോസ് | 1.4.2018 മുതൽ 31.3.2019 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീ. സന്തോഷ് കുമാർ | 1.4.2018 മുതൽ 31.3.2019 വരെ |
| 3 | വെറ്ററിനറി സർജൻ | ഡോ. ദീപ | 1.4.2018 മുതൽ 31.3.2019 വരെ |
| 4 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. സിനി.എസ്.നായർ | 1.4.2018 മുതൽ 31.3.2019 വരെ |
| 5 | വി.ഇ.ഒ കൈനകരി | ശ്രീമതി. സറീന.പി.എസ്. | 1.4.2018 മുതൽ 31.3.2019 വരെ |
| 6 | വി.ഇ.ഒ കുട്ടമംഗലം | അഹ്ലുദേവ് | (1.4.2018 മുതൽ 01.11.18വരെ vacant)<br>02.11.2018മുതൽ 31.3.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശരത്ചന്ദ്ര ബോസ് | 1.4.2018 മുതൽ 31.3.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. സജി ഉമ്മൻ | 1.4.2018 മുതൽ 31.3.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അലക്സ്.പി.ജെ | 1.4.2018 മുതൽ 31.3.2019 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റംലബീവി | 1.4.2018 മുതൽ 31.3.2019 വരെ |
| 11 | ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.കെ.ആർ.മോളിക്കുട്ടി. | 1.4.2018 മുതൽ 31.3.2019 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഇന്ദു. ബി | 1.4.2018 മുതൽ 31.3.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| 2 | 1-12 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ. |
| 3 | 1-13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസിൽ പിഴ ഈടാക്കിയിട്ടില്ല |
| 4 | 1-14 | കടത്തു ലേലം ലേലം കൊണ്ട തുക പൂർണ്ണമായും ഈടാക്കുന്നത് |
| 5 | 1-15 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല. |
| 6 | 1-16 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - |

| | | |
|---|---|---|
| | | കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. |
| 7 | 1-17 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 1.16 കോടി ചെലവഴിച്ചില്ല |
| 8 | 1-18 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല. |
| 9 | 1-19 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശ, കസേര നൽകൽ - വിതരണം പൂർണ്ണമല്ല. |
| 10 | 1-20 | കെൽട്രോൺ വിതരണം ചെയ്യാത്ത കമ്പ്യൂട്ടറിനും തുക ചെലവഴിച്ചു. |
| 11 | 1-21 | ഹെഡ്മിസ്ട്രസ് നിർവ്വഹണം ചെയ്ത പ്രോജക്ടുകളുടെ ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 12 | 1-22 | പഞ്ചായത്ത് പ്രസിഡന്റിന്റെ യാത്ര - രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 13 | 1-23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 14 | 1-24 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ |
| 15 | 1-25 | ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി |
| 16 | 1-26 | തോട്ടുവാത്തല പാലം മുതൽ തോട്ടുവാത്തല സ്കൂൾ റോഡ് (2nd റീച്ച്) - പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല. |
| 17 | 1-27 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല |
| 18 | 1-28 | പാലിയേറ്റീവ് കെയർ പ്രോജക്ട് സംബന്ധിച്ച അപാകതകൾ |
| 19 | 1-29 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു. |
| 20 | 1-30 | തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 21 | 1-31 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ് ക്രീയമായി തുടരുന്നു. |
| 22 | 1-32 | ലൈഫ് ഭവന പദ്ധതി- അവലോകനം. |
| 23 | 1-33 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| | ഭാഗം 2 | |
| 24 | 2-1 | കടത്തു ലേലം-ലേലം കൊണ്ട തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| | ഭാഗം 3 | |
| 25 | 3-1 | കെൽട്രോൺ വിതരണം ചെയ്യാത്ത കമ്പ്യൂട്ടറിനും തുക ചെലവഴിച്ചു. |
| 26 | 3-2 | ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി |
| 27 | 3-3 | പാലിയേറ്റീവ് കെയർ-ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹന വാടക നൽകി |
| | ഭാഗം 4 | |
| 28 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 29 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 30 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 142978322. | 143394781. |
| വാർഷിക കണക്ക് പ്രകാരം | 64404301 | 63689685. |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 09.05.2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം | റിമാർക്സ് |
|---|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി1-623/19 തീയതി 29.06.2019 | വിശേഷണങ്ങളോട് കൂടിയത്. | അക്കൌണ്ട് സർട്ടിഫിക്കറ്റിന്റെ അനുബന്ധമായി ചേർത്ത അപാകതകളിൽ റെസീറ്റ് & പേമെൻറിൽപ്പെട്ട ക്രമ നം.3 , ഇൻകം & എക്സ്പൻഡീച്ചർ ഹെഡ്ഡിൽപ്പെട്ട ക്രമ നം 1, ബാലൻസ് ഷീറ്റുമായി ബന്ധപ്പെട്ട 1,2,3 എന്നിവമാത്രമാണ് പരിഹരിച്ചിട്ടുള്ളത്. മറ്റ് അപാകതകൾ ഓഡിറ്റ് സമയത്തും പരിഹരിക്കപ്പെടാതെ ശേഷിക്കുന്നു. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13125604. |
| വരവ് | 64404301 |
| ആകെ | 77529905 |
| ചെലവ് | 63689685 |
| നീക്കിയിരിപ്പ് | 13840220. |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

വികസന ഫണ്ട് - (ജനറൽ) സോഴ്സിൽ കുറവ് വരുത്തിയ തുക ACR/AFS ഇവയിൽ ഉൾപ്പെടുത്തിയിട്ടില്ല. അലോട്ട്മെന്റ് പ്രകാരം ടി.എസ്.പി. ഇനത്തിൽ അലോട്ട്മെന്റ് ഉള്ളതായി കാണുന്നു. എന്നാൽ ACR ൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22355730 | 22355730 | 18795202 | 3560528 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3856000 | 3856000 | 3856000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2116000 | 2116000 | 1868021 | 247979 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4483000 | 4483000 | 3782283 | 700717 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11253893 | 11253893 | 4155250 | 7098643 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 3037716 | 8425940 | 11463656 | 8093342 | 3370314 |
| എം.എൻ.ആർ.ഇ. ജി. എസ് | 235509 | 35002617 | 35238126 | 35059987 | 178139 |
| Total Sanitation | 4846769 | 172996 | 5019765 | 373346 | 4646419 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ(ബ്ലോക്ക് പഞ്ചായത്ത്) | 0 | 3084994 | 3084994 | 3080394 | 4600. |
| ജോയിന്റ് വെഞ്ചർ(ജില്ലാ പഞ്ചായത്ത്) | 0 | 1910496 | 1910496 | 1433674 | 476822 |
| ബി ഫണ്ട് | 0 | 215640 | 215640 | 215640 | 0 |
| ഐ.സി.ഡി.എസ്. | 417755 | 285250 | 703005 | 270436 | 432569 |

## 1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 123 | 110262140 | 76 | 48132050 | 8 | 39 | 61.78 |

**1-7 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 235509 | 616507 | 852016 | 673877 | 178139 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34386110 | 34386110 | 34386110 | 0 |
| ആകെ | 235509 | 35002617 | 35238126 | 35059987 | 178139. |

**1-8 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 215640 | 88 |
| കർഷകതൊഴിലാളി പെൻഷൻ | 25146300 | 2060 |
| വിധവാപെൻഷൻ | 5719500 | 461 |
| വാർദ്ധക്യകാലപെൻഷൻ | 9945100 | 826 |
| വികലാംഗപെൻഷൻ | 2901400 | 236 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 334400 | 26 |
| വിവാഹധനസഹായം | 240000 | 8. |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.01 2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4053/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം**

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും

താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ
ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

9.കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2019 | 01.10.19 to31.10.19 | 22.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.12.2017 to 15.01.2018 | 2012-13 to 2016-17 | 26.10.2018 |

## 1-12 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ.

2018-19ലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഫ്ലോട്ടിങ് ഡിസ്പെൻസറി, കുപ്പപ്പുറം | രണ്ടാം അർദ്ധ വർഷം |
| 2 | കള്ള് ഷാപ്പ് നമ്പർ 85 | രണ്ട് അർദ്ധ വർഷങ്ങളിലും |
| 3 | കള്ള് ഷാപ്പ് നമ്പർ 88 | രണ്ട് അർദ്ധ വർഷങ്ങളിലും |
| 4 | കള്ള് ഷാപ്പ് നമ്പർ 95 | രണ്ട് അർദ്ധ വർഷങ്ങളിലും |

ഓഡിറ്റ് അന്വേഷണത്തിന് (നം:6 ,തീയതി 3/1/2020 ) നല്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസിൽ പിഴ ഈടാക്കിയിട്ടില്ല .

1996 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ ചട്ടം 10 ൽ നിശ്ചിത സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കണമെന്നും ചട്ടം 19 ൽ വൈകി സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും 25% അധിക ഫീസ് ഈടാക്കാമെന്നും നിഷ്കർഷിക്കുന്നു, എന്നാൽ നിശ്ചിത കാലാവധിക്കുശേഷം ലൈസൻസ് പുതുക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകരിൽ നിന്നും ചട്ടപ്രകാരം അധിക ഫീസ് ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് (നം: 7, തീയതി 3/1/2020) നല്കിയ മറുപടിയിൽ യഥാസമയം അപേക്ഷ സമർപ്പിക്കാത്തവരിൽ നിന്നും അധിക ഫീസ് ഈടാക്കാതിരുന്നത് മഹാപ്രളയത്തിനു മുൻപ് സാമ്പത്തിക വർഷാരംഭത്തിൽ ഉണ്ടായ മടവീഴ്ചയും, മഴമൂലം ഉണ്ടായ വെള്ളക്കെട്ട് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളെ ബാധിച്ചതിനാലും തുടർന്നുണ്ടായ മഹാപ്രളയത്തിൽ മുഴുവൻ സ്ഥാപനങ്ങളും പ്രവർത്തനരഹിതമാവുകയും ചെയ്തതിനാൽ അധിക ഫീസ് ഈടാക്കാൻ സാധിച്ചിരുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14 കടത്തു ലേലം- ലേലം കൊണ്ട തുക പൂർണ്ണമായും ഈടാക്കാത്തത്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലേലം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ കടത്ത് ലേലം ചെയ്തതിൽ ലേലം കൊണ്ട വ്യക്തികളിൽ നിന്നും തുക പൂർണ്ണമായും ഈടാക്കിയിട്ടില്ലായെന്ന് കണ്ടു .

| ക്രമ നം | കടവ് | ഉയർന്ന തുക രേഖപ്പെടുത്തിയ വ്യക്തി | ലേലത്തുക | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ഗോവേന്ദ കടവ് | സുധാകരൻ K.M | 3300 | 2000 | 1300 |
| 2 | കോലത്ത് ജെട്ടി | സതീന്ദ്രൻ | 26,000 | 2200 | 23,800 |
| | | | | ആകെ | 25,100 |

ഓഡിറ്റ് അന്വേഷണത്തിനു (നം: 8, തീയതി 3/1/2020) നല്കിയ മറുപടിയിൽ മേൽപ്പറഞ്ഞ ലേലങ്ങളിൽ

നിന്നും പഞ്ചായത്തിൽ ഈടാക്കേണ്ടതായ ആകെ തുക 25,100/- രൂപ ഈടാക്കാൻ 03/05/2019 ൽ നോട്ടീസ് നൽകിയിരുന്നതായും എന്നാൽ നാളിതുവരെ തുക ഒടുക്കാത്തതിനാൽ ടിയാളുകൾക്കെതിരെ ആർ.ആർ നടപടികൾ സ്വീകരിച്ചു വരിക ആണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലേല വ്യവസ്ഥകൾ പ്രകാരം യഥാസമയം നോട്ടീസ് നല്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ് .

## 1-15 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2018-2019 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 3 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 15344/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവു വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-16 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന കെട്ടിട നിർമാണത്തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ഒടുക്കിയ തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-17 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 1.16 കോടി ചെലവഴിച്ചില്ല

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 4.41 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ 3.25 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 61.78% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 1.16 കോടി രൂപ നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ടു ചെയ്ത തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 22355730 | 18795202 | 3560528 |
| വികസന ഫണ്ട് - SCP | 3856000 | 3856000 | -- |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 2116000 | 1868021 | 247979 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 4483000 | 3782283 | 700717 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11253893 | 4155250 | 7098643 |
| ആകെ | 44064623 | 32456756 | 11607867 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നതിനാൽ ഫലത്തിൽ അവ നഷ്ടപ്പെട്ടിരിക്കുകയാണ്. പദ്ധതി രൂപീകരണവും

നിർവ്വഹണവും സമയ ബന്ധിതമായി പൂർത്തീകരിച്ചും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫലപ്രദമായ ഏകോപനം സാധ്യമാക്കിയും പദ്ധതി പണം പൂർണമായി വിനിയോഗിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-18 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011 ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-19 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശ, കസേര നൽകൽ - വിതരണം പൂർണ്ണമല്ല

2018-19 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 200000/-രൂപ വകയിരുത്തി ഹെഡ്മിസ്ട്രസ് നിർവ്വഹണം ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശ, കസേര നൽകൽ (S0071/19) എന്ന പ്രോജക്ടിലെ അപാകതകൾ താഴെ കൊടുക്കുന്നു.

SIDCO യുടെ 23.1.19 ലെ ALPY/18-19/232 നം. ഇൻവോയ്സ് പ്രകാരം സ്റ്റീൽ ടേബിൾ, സ്റ്റീൽ ചെയർ എന്നിവ 40 എണ്ണം വീതം വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു (ബിൽ നം: 3/18-19, തീയതി 11.03.19, തുക

199986).

| Item | Unit price | Quantity | Gross value |
|---|---|---|---|
| Steel table | 3488 | 40 | 139520 |
| Steel chair | 749 | 40 | 29960 |
| CGST | | | 15253.20 |
| SGST | | | 15253.20 |
| Grand total | | | 199986 |

ഹാജരാക്കിയ രേഖകൾ പ്രകാരം 31 ഗുണഭോക്താക്കൾക്ക് മാത്രമാണ് മേശയും കസേരയും വിതരണം ചെയ്തിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, 7/1/2020) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് വിതരണ രേഖകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാലും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിലും 199986/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്യാൻ അവശേഷിക്കുന്ന മേശയും കസേരയും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തപക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

### 1-20 കെൽട്രോൺ വിതരണം ചെയ്യാത്ത കമ്പ്യൂട്ടറിനും തുക ചെലവഴിച്ചു

2018-19 സാമ്പത്തികവർഷം മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡിൽ 150000/- രൂപ വകയിരുത്തി ഹെഡ്മിസ്ട്രസ് നിർവ്വഹണം ചെയ്ത എൽ.പി.സ്കൂളുകൾക്ക് ലാപ് ടോപ്പ്/കമ്പ്യൂട്ടർ വാങ്ങൽ (പ്രോജക്ട് നം. S0069/19) എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSEDC) 28.12.18 ലെ പ്രൊഫോർമ ഇൻവോയ്സ് (TVM/ITBG/PI/RC/4965/17-18) പ്രകാരം, ലാപ് ടോപ്പ്/കമ്പ്യൂട്ടർ എന്നിവയുടെ വിലവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | വില |
|---|---|---|---|---|
| 1 | ലാപ് ടോപ്പ് | 38902 | 3 | 116706 |
| 2 | ഡസ്ക് ടോപ്പ് | 32090 | 1 | 32090 |
| ആകെ | | | | 148796 |

കെൽട്രോണിന്റെ delivery challan പ്രകാരം 3 laptop കൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിന് 116706/- രൂപയുടെ ബില്ലും കെൽട്രോൺ നൽകി. എന്നാൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള ഒരു

desktop ന്റെ വിലയും ഉൾപ്പെടെ 148796/- രൂപ KSEDC ക്ക് നൽകി (ബിൽ നം.1/18-19/10.01.19 തുക.148796/-). സ്റ്റോക്ക് രജിസ്റ്റർ, വിതരണവിവരം, കെൽട്രോണിന്റെ കൈപ്പറ്റ് രശീതി എന്നിവ ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, 7/1/2020) മറുപടി ലഭ്യമാക്കിയില്ല. കെൽട്രോൺ വിതരണം ചെയ്യാത്ത ഒരു desktop ന്റെ വിലയായ 32090/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. രേഖകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ ബാക്കി 116706/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-21 ഹെഡ്മിസ്ട്രസ് നിർവ്വഹണം ചെയ്ത പ്രോജക്ടുകളുടെ ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷം ജി.എൽ.പി.എസ്. കുട്ടമംഗലം ഹെഡ്മിസ്ട്രസ് നിർവ്വഹണം ചെയ്ത പ്രോജക്ടുകളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവ് വിവരം | അപാകതകൾ |
|---|---|---|---|---|---|
| 1 | S0070/19 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് | 210000/- (വികസനഫണ്ട്) | ബിൽനം. 2/18-19/ 10.01.19, തുക 208250/- | 1) 7 ലാപ് ടോപ്പുകൾ നിയോൺ കമ്പ്യൂട്ടേഴ്സിൽ നിന്നും വാങ്ങിയതിന്റെ ബില്ല് ഹാജരാക്കി. എന്നാൽ പർച്ചേസ് സംബന്ധിച്ച ടെണ്ടർ, ക്വട്ടേഷൻ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.<br>2)ഗുണഭോക്താക്കളുടെ അപേക്ഷ ഹാജരാക്കിയിട്ടില്ല.<br>3)സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.<br>4)വിതരണ വിവരം ലഭ്യമല്ല.<br>5)ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല. |
| 2 | S0068/19 | എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ/ പാത്രങ്ങൾ വാങ്ങൽ | 262744/-<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | ബിൽ നം.4/18-19 /11.03.19 തുക.262623/- | അംഗീകരിച്ച പ്രോജക്ട് ഒഴികെയുള്ള മറ്റ് രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, 7/1/2020) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ ക്രമ നം. 1,2 എന്നിവയിലെ ചെലവ് തുക. 470873/- രൂപ ( 208250 + 262623) തടസ്സപ്പെടുത്തുന്നു.

### 1-22 പഞ്ചായത്ത് പ്രസിഡന്റിന്റെ യാത്ര - രേഖകൾ ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ എന്നിവർ ചേർന്ന്

തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ യാത്രപോയ ടാക്സി ചാർജ് 10000/- രൂപ 16/07/2018 ലെ 533094-ാം നമ്പർ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. 5000/- രൂപാ വീതമുള്ള രണ്ടു ടാക്സി ബില്ലുകൾ മാത്രമാണ് വൗച്ചറിനോടൊപ്പം ഹാജാരാക്കിയിട്ടുള്ളത്. അതിൽ തന്നെ ഒരു ടാക്സി ബില്ലിൽ മാത്രമേ തീയതി രേഖപ്പെടുത്തിയിട്ടുള്ളൂ (11/07/18). നടത്തിയ യാത്രകളെ സംബന്ധിച്ച കമ്മറ്റി തീരുമാനമോ, ട്രിപ്പ് ഷീറ്റുകളോ മറ്റു അനുബന്ധ രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നടത്തിയ ഓഡിറ്റ് അന്വേഷണത്തിനു (നം: 11, തീയതി 3/1/2020) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയോ ചെയ്യാത്തതിനാൽ യാത്രാ ചെലവ് 10,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

### 1-23 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -പ്രവൃത്തി പൂർത്തീകരിച്ചില്ല

2018-19 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം - S0038/19

പ്രോജക്ടിന്റെ പേര് - കൈനകരി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

ധനകാര്യകമ്മീഷൻ ഗ്രാന്റ് - 700000/-

ചെലവ് വിവരം

ബിൽ നം.23/18-19/05.02.19 തുക. 700000/-

പ്രോജക്ട് പ്രകാരം, പഞ്ചായത്തിലെ വാർഡ് 14 ലെ കൃഷ്ണാലയം വീട് മുതൽ കളത്തിൽ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -282000/-, വാർഡ് 12ലെ തോട്ടുകടവ് മുതൽ വലിയ കരിച്ചിറ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - 418000/-, ആകെ 700000/- രൂപ എക്സിക്യൂട്ടിവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവല്ല യ്ക്ക് നൽകി.

2) പ്രോജക്ട് നം - S0170/19

പ്രോജക്ടിന്റെ പേര് - വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

വികസനഫണ്ട് - 2600000/-

ധനകാര്യകമ്മീഷൻ ഗ്രാന്റ് - 1415000/-

ആകെ അടങ്കൽ - 4015000/-

ചെലവ് വിവരം

ബിൽ നം.40/18-19/20.03.19 തുക. 90000/-

പ്രോജക്ട് പ്രകാരം, പഞ്ചായത്തിലെ വാർഡ് 1ലെ കന്നിട്ടക്കായൽ ശോഭ ലിഥിൻഹൗസ് മുതൽ അപ്പൂസ് & അമ്മൂസ് റസ്റ്റോറന്റ് വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -90000/- രൂപ, എക്സിക്യൂട്ടിവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവല്ലയ്ക്ക് നൽകി. എന്നാൽ,

1. നിയമാനുസൃതം ചമച്ച കരാർ ,തുക കൈപ്പറ്റിയതിന്റെ രശീതി ,തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, അല്ലെങ്കിൽ നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/3.1.2020) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക. 790000/-രൂപ(700000+90000) തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക്

ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-24 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(2) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(3)ഭൂരിഭാഗം പ്രവൃത്തികളിലും പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(4) പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(5)ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ, പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. ചെലവ് സംബന്ധമായ കണക്കുകളും, ചെലവ് രേഖകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിശോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-25 ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീയതി, 29.02.2016 പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റി വഴി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% വർദ്ധനയാണ് നൽകിയിട്ടുള്ളത്. പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും 2.5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലമാണ് അധിക തുക നൽകേണ്ടി വന്നത്. (വാറ്റിനത്തിലുള്ള 5% കിഴിവ് ബില്ലിൽ വരുത്തിയിട്ടുണ്ട്). വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് വിശദവിവരം | ഒ.എച്ച് 7.5% ഉൾപ്പെടുത്തിയ പ്രവൃത്തി മൂല്യം | 5%വാറ്റ് കിഴിവ് വരുത്തിയതിനു ശേഷമുള്ള തുക | ആകെ ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കൈതപറമ്പ് മുതൽ പി.ഡബ്യ്യ.ഡി വരെ നടപ്പാത- 106/19<br>കൺവീനർ - രാജേഷ്<br>എം. ബുക്ക് - 6/16-17<br>പ്രവൃത്തി മൂല്യം - 77174/-(ഫൈനൽ)<br>ബിൽ നം. 9/23.5.18- 73315/-<br>17-18 – 51361/- | 75420 | 71649<br>(75420- 3771) | 71649 | 1666<br>(73315-71649) |
| 2 | സിനഭവൻ മുതൽ മിൽമ (നം.182) വരെ നടപ്പാത മെയിന്റനൻസ്- 109/18<br>കൺവീനർ - ജോസഫ്.എം.എ<br>എം. ബുക്ക് - 40/16-17<br>പ്രവൃത്തി മൂല്യം - 111163/-<br>ബിൽ നം. 10/23.5.18- 105110/- | 108637 | 103205<br>(108637-5432) | 103205 | 1905<br>(105110-103205) |
| | ആകെ | | | | 3571 |

കൂടാതെ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മേൽ മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കപ്പെടാത്തതായി പരിശോധനയിൽ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1)മിനിട്ട്സിൽ പ്രവൃത്തിയുടെ പ്രഥമ യോഗ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് വിവരങ്ങൾ, പൂർത്തീകരണ വിവരം, ചെലവ് കണക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(2) പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(3)പ്രവൃത്തിയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയതിന്റെ ക്യാഷ് ബിൽ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

(4) പ്രവർത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല.

(5)പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ വളരെയധികം കാലതാമസമുണ്ടായിട്ടുള്ളതായി കാണുന്നു. 16.2.2017 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചത് 24.3.18 ലാണ്.

മേൽ അപാകതകൾക്ക് അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കൺവീനറക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്നും, മറ്റ് അപാകതകൾ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി ചെലവ് ചെയ്ത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കുവാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 തോട്ടുവാത്തല പാലം മുതൽ തോട്ടുവാത്തല സ്കൂൾ റോഡ് (2nd റീച്ച്) - പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നം | : | 109/19 |

| | | |
|---|---|---|
| അടങ്കൽ | | 417000/- |
| കൺവീനർ | : | സജിമോൻ |
| എം.ബുക്ക് | : | 44/16-17 |
| കരാർ തീയതി | : | 20.2.18 |
| പ്രവൃത്തിമൂല്യം | | 184632/- |
| ചെലവ് വിവരം | | ബിൽനം.<br>7/23.5.18, 167000/-<br><br>8/23.5.18, 17632/- |

ഗ്രാമപഞ്ചായത്തിന്റെ 17-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ടി പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാർ ചമച്ചിട്ടുള്ളത് 20.2.18 ലാണ്. കരാർ പ്രകാരം മൂന്ന് മാസം പൂർത്തീകരണ കാലാവധിയാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് അനുവദിച്ചിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ വീതിയിൽ ഗ്രാവൽ ഫില്ലിംഗ് നടത്തി റോഡ് ടാറിംഗ് നടത്തുന്നതിനായാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരം (21.3.18) ഗ്രാവൽ ഫില്ലിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചതായി രേഖപ്പെടുത്തി പ്രവൃത്തിമൂല്യം 184632/- രൂപ നിർണ്ണയിക്കുകയും ടി തുക കൺവീനർക്ക് മാറി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്ന് നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. കൂടാതെ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ ടി പ്രവൃത്തിയിലും പാലിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:13/03.01.2020) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തി തുടർന്ന് നടപ്പാക്കാതെ അതേ നിലയിൽ അവസാനിപ്പിച്ചതായാണ് അറിയിച്ചിട്ടുള്ളത്. ടി പ്രവണത ക്രമവിരുദ്ധമാണ്. ഏറ്റെടുത്ത പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ടി വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-27 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല

(എ)പ്രോജക്ട് നം. S0055/19- കൃഷി ഭവന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ - 101000 (വികസന ഫണ്ട്)

ചെലവ് - ബിൽ നം. 4/18-19, തുക 100520 തീയതി. 20.12.18

മേൽ പ്രോജക്ടിൽ ഡെസ്ക് ടോപ്പ് കംപ്യൂട്ടർ-2, യു.പി.എസ്-2, ലേസർ പ്രിൻറർ -1 എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിന് 100520/- രൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെൻറ് കോർപ്പറേഷന് നല്കി. എന്നാൽ ഉപകരണങ്ങൾ കൈപ്പറ്റി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, തുക കൈപ്പറ്റിയതായുള്ള കെൽട്രോണിന്റെ കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 100520/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) പ്രോജക്ട് നം. S0054/19 – കുരുമുളകുതൈ വിതരണം

അടങ്കൽ - 258500 ( വികസന ഫണ്ട്)

ചെലവ് - ബിൽ നം. 9/18-19, തുക 258500 തീയതി. 05.01.19

മേൽ പ്രോജക്ടിൽ അഗ്രോസർവ്വീസ് സെന്റർ എന്ന സ്ഥാപനത്തിൽ നിന്ന് 258500/- രൂപ ചെലവിട്ട് 2585 കുരുമുളക് തൈകൾ വാങ്ങി. വാങ്ങിയ തൈകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ, തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ തൈ വിതരണത്തിന്റെ കൃത്യത പരിശോധിക്കാൻ

സാധിച്ചിട്ടില്ല. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ 258500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(സി) ഗ്രോബാഗ് പച്ചക്കറികൃഷി

പ്രോജക്റ്റ് നം. S0053/19

വികസന ഫണ്ട് - 75000

ഗുണഭോക്തൃവിഹിതം - 25000

ആകെ അടങ്കൽ - 100000/-

ചെലവ് – 75000 ബിൽനം. 24/18-19 തീയതി.18.02.19

25 ഗ്രോബാഗ് മണ്ണ്,വളം മിശ്രിതം നിറച്ച് തൈകൾ ഉൾപ്പടെയുള്ള ഒരു യൂണിറ്റ് വീതം 50 വനിതാ കർഷകർക്ക് സബ്സിഡിനിരക്കിൽ നൽകുന്ന ഗ്രോബാഗ് പച്ചക്കറികൃഷി എന്ന പ്രോജക്റ്റിനായി അഗ്രോ സർവ്വീസ് സെന്റർ, മുതുകുളം എന്ന സ്ഥാപനത്തിൽ നിന്ന് ഒരു യൂണിറ്റിന് 2000/- രൂപ നിരക്കിൽ 50 യൂണിറ്റ് ഗ്രോബാഗ് വാങ്ങിയിട്ടുണ്ട്. ഇതിന്റെ 75% സബ്സിഡിയായി 75000/- രൂപ വികസന ഫണ്ട് വിനിയോഗിച്ചിരിക്കുന്നു. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ, ഗ്രോബാഗ് വിതരണം നടത്തിയതിന്റെ രേഖ എന്നിവ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (നം. 10/03.01.2020). ഗ്രോബാഗ് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
കംപ്യൂട്ടർ ഉപകരണങ്ങളുടെ സ്റ്റോക്ക് എൻട്രി, കൈപ്പറ്റ് വിവരം, നടീൽ വസ്തുക്കളുടെ വിതരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് കെയർ പ്രോജക്റ്റ് സംബന്ധിച്ച അപാകതകൾ

പ്രോജക്റ്റ് നം. -S0016/19

ചെലവ് - 588716 (വികസന ഫണ്ട്-493316, ബ്ലോക്ക് വിഹിതം-95400)

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. കുപ്പപ്പുറം) നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്റ്റിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) പാലിയേറ്റിവ് കെയറിനായി ഉപയോഗിച്ചിട്ടുള്ള വാഹനങ്ങളായ മോട്ടോർ ബോട്ട്, ശിക്കാര വള്ളം, ഓട്ടോറിക്ഷ എന്നിവ വാടകയ്ക്ക് എടുത്തതു സംബന്ധിച്ച ക്വട്ടേഷനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി) അപ്പോളോ സർജിക്കൽസ് & കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് Oxygen Concentrator എന്ന ഉപകരണം വാങ്ങിയതിന് 49560 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഒരു ബില്ല് മാത്രമാണ് ഫയലിൽ ഉള്ളത് (ഇൻവോയ്സ് നം.6373 തീയതി.26.12.18). Oxygen Concentrator സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപനം തുക കൈപ്പറ്റിയതിന്റെയും രേഖയില്ല. അതിനാൽ 49560/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(സി) ബിൽ നം. 1/18-19 പ്രകാരം 18.07.18 ൽ 82100 രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 82100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഡി) ഹോം കെയർ രജിസ്റ്റർ, നഴ്സസ് ഡയറി എന്നിവ പ്രകാരം 28.10.18, 28.11.18 എന്നീ ദിവസങ്ങളിൽ ഹോം കെയർ നടത്തിയിട്ടില്ല. എന്നാൽ ഈ ദിവസങ്ങളിൽ ശ്രീ. രവീന്ദ്രനാഥൻ.റ്റി.കെ. എന്നയാൾക്ക് മോട്ടോർ ബോട്ട് ഓടിയതിന്റെ വാടക നൽകിയിട്ടുണ്ട്. കൂടാതെ ട്രിപ്പ് ഷീറ്റ്, വൗച്ചർ, അപേക്ഷ എന്നിവയിൽ തീയതി രേഖപ്പെടുത്താതെയും ട്രിപ്പ്ഷീറ്റില്ലാതെ അപേക്ഷയുടെ മാത്രം അടിസ്ഥാനത്തിലും മോട്ടോർ ബോട്ട് ഓടിയതിന്റെ വാടക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | നൽകിയ തുക /വൗച്ചർ നം | ട്രഷറി ബിൽ നം /തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 28.10.18 | 3000/-<br>5/18-19 | 3/18-19<br>29.11.18 | ഹോം കെയർ ഇല്ലാത്ത ദിവസം മോട്ടോർ ബോട്ട് ഓടിയതിന്റെ വാടക |
| | 28.11.18 | 3000/-<br>5/18-19 | 4/18-19<br>16.01.19 | |
| 2 | | 6000/-<br>2/18-19 | 2/18-19<br>24.09.18 | ട്രിപ്പ് ഷീറ്റ്, വൗച്ചർ, അപേക്ഷ എന്നിവയിൽ ഹോംകെയറിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 3 | | 6000/-<br>8/18-19 | 6/18-19<br>28.02.19 | ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. അപേക്ഷയിൽ ഹോംകെയറിന്റെ<br>തീയതി രേഖപ്പെടുത്തിയിട്ടില്ല. |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/07.01.2020) മറുപടി ലഭിച്ചില്ല. മതിയായ രേഖകൾ ഇല്ലാതെ ചെലവ് നടത്തിയത് ക്രമപ്രകാരമല്ല. ക്രമ നം. 2,3 പ്രകാരമുള്ള 12000(6000+6000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഹോം കെയർ ഇല്ലാത്ത ദിവസം മോട്ടോർ ബോട്ട് ഓടിയതിന്റെ വാടകയായി നൽകിയ 6000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക നിർവാഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-29 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (3217/15/തസ്വഭവ. തീയതി.29.10.2015) പ്രകാരം പാലിയേറ്റീവ് പരിചരണ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന രോഗികളുടെ പേരുകൾ (മരണപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒഴികെ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ മേൽപ്പറഞ്ഞ ഉത്തരവിന്റെ തീയതി (29.10.15) മുതൽ 60 ദിവസത്തിനകം പ്രദർശിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നളിതുവരെ പാലിയേറ്റീവ് പരിചരണത്തിൽപ്പെട്ട രോഗികളുടെ പേരുകൾ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. ആയതിനാൽ പാലിയേറ്റീവിനായി ചെലവഴിച്ച തുകയ്ക്ക് നിയമസാധുതയില്ലാതാകുന്നു. പാലിയേറ്റീവ് പരിചരണത്തിനായി തൻവർഷം ഗ്രാമപഞ്ചായത്ത് 588716/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സർക്കാർ നിബന്ധനകൾക്ക് വിധേയമായി തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവ്) തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ പ്രഥമ പരിഗണന അർഹിക്കുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിന് മേൽ സംവിധാനം അത്യാവശ്യമാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-31 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. ടി അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് അക്കൗണ്ട് നം. | 31.3.19ലെ നീക്കിയിരുപ്പ് | പരാമർശം |
|---|---|---|---|
| 1 | എസ്.ബി.ഐ (പ്ലാൻ-നോൺ ബാങ്കിംഗ് ട്രഷറി) | 939136 | വർഷങ്ങളായി പണമിടപാടുകളില്ല. നോൺ ബാങ്കിംഗ് ട്രഷറി നിലവിലില്ലാത്തതിനാൽ ടി അക്കൗണ്ടിന്റെ ആവശ്യകതയില്ല. ടി അക്കൗണ്ടിലുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തിരികെ ഒടുക്കേണ്ടതുമാണ്. ടി അക്കൗണ്ടിലെ നീക്കിയിരുപ്പിന് പലിശ ലഭിക്കുന്നില്ല. അക്കൗണ്ട് സൂക്ഷിപ്പ് ചാർജ്ജിനത്തിൽ 649/- രൂപ വീതം ഈടാക്കുന്നുമുണ്ട്. |
| 2 | എസ്.ബി.ഐ സാക്ഷരത | 4061 | പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 3 | എസ്.ബി.ഐ ജീവൻധാര | 69742 | വർഷങ്ങളായി പണമിടപാടുകളില്ല. ടി അക്കൗണ്ടിലെ നീക്കിയിരുപ്പിന് പലിശ ലഭിക്കുന്നില്ല. അക്കൗണ്ട് സൂക്ഷിപ്പ് ചാർജ്ജിനത്തിൽ 649/- രൂപ വീതം ഈടാക്കുന്നുമുണ്ട്. |
| 4 | കുട്ടനാട് പാക്കേജ്-എഡിസിബി | 803384 | 26.10.16 ന ശേഷം പണമിടപാടുകളില്ല. ടി തീയതിയിലെ നീക്കിയിരുപ്പാണ് കാണിച്ചിരിക്കുന്നത്. നീക്കിയിരുപ്പിന് 2014 ന ശേഷം പലിശ നൽകിയിട്ടില്ല. |

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ നിഷ്ക്രീയമായി തുടരുന്നതിനാൽ അവ ക്ലോസ്സ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-32 ലൈഫ് ഭവന പദ്ധതി- അവലോകനം

അർഹതയുള്ള സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിൽ ആകെ 213 ഗുണഭോക്താക്കളാണ് ഉള്ളത് (ഭൂമിയുള്ള ഭവനരഹിതർ). വിവിധ കാരണങ്ങളാൽ 62പേർ അനർഹരായി. തദ്ദേശ സ്ഥാപനവുമായി കരാർവച്ചവരുടെ എണ്ണം-113(SC-10) നിർമ്മാണം ആരംഭിച്ചവരുടെ എണ്ണം-106 (SC-8)

നിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം-64(SC-4)

<u>വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ</u>

| | ഒന്നാം ഗഡു | രണ്ടാംഗഡു ( ബേസ് മെൻറ് പൂർത്തിയാക്കിയവർ) | മൂന്നാം ഗഡു (ലിന്റൽ പൂർത്തിയാക്കിയവർ) | നാലാം ഗഡു (മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കിയവർ) |
|---|---|---|---|---|
| ജനറൽ | 103 | 98 | 72 | 60 |
| എസ്.സി | 10 | 8 | 6 | 4 |

| ആകെ | 113 | 106 | 78 | 64 |
|---|---|---|---|---|

2018-19 ൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം

| ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | സംസ്ഥാന വിഹിതം | വായ്പ തുക |
|---|---|---|---|---|
| 6775000 | 2834994 | 1810496 | 4094595 | 10945405 |

ഒന്നാം ഗഡു കൈപ്പറ്റിയതും തുടർന്നുള്ള നിർമ്മാണം നടത്തിയിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം

1 .പുരുഷോത്തമൻ, ക്ലവക്കാട്

2.മണിയൻ, എസ്.എൻ.ഭവനം

3.ബിന്ദു, കായലിപ്പറമ്പ്

4.ഈശ്വരി ചന്ദ്രബാബു, കാളിപ്പറമ്പ്(എസ്.സി)

5.ഓമന വിക്രമൻ, പുതവൽ(എസ്.സി)

6.രാജിമോൾ, കിഴക്കേമഠം

7.വിനോദ്, ചന്ദ്രാലയം

തദ്ദേശ സ്ഥാപനവുമായി കരാർവച്ച് ആദ്യഗഡു കൈപ്പറ്റിയ മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-33 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം -കൈനകരി ഗ്രാമപഞ്ചായത്ത് പരിധിയിൽ 25 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 06 എണ്ണം സ്വന്തം കെട്ടിടത്തിലും 16 എണ്ണം വാടകകെട്ടിടത്തിലും 3 എണ്ണം വാടകയില്ലാത്ത കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം- ഒരെണ്ണമൊഴികെ ബാക്കി എല്ലാ അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ ഉണ്ട്.

ടോയ് ലെറ്റ്- ഒരു അങ്കണവാടിക്ക് മാത്രമാണ് ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് സൌകര്യം ഉള്ളത്.

വൈദ്യുതി- 23 അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ഉണ്ട്

ചുറ്റുമതിൽ- 10 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റിൽ (2018-19) നാല് എണ്ണം അൺഫിറ്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അങ്കണവാടി നം. 5, 15, 122, 130 എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ ആണ് അൺഫിറ്റ് ആയിട്ടുള്ളത്. അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവ സുരക്ഷിത കെട്ടിടങ്ങളാണെന്നുറപ്പ് വരുത്തുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടത്തിൽ അങ്കണവാടികളുടെ പ്രവർത്തനം നടത്തുവാൻ അനുമതി നല്കിയ നടപടി ഗുരുതര വീഴ്ച ആണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഈ വിഷയത്തിൽ വേണ്ടത്ര ഗൗരവം പുലർത്തിയിട്ടില്ലെന്നു ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 19 എണ്ണത്തിന് സ്വന്തമായി കെട്ടിടം

ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട് ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോൽസവം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർകുലർ നം.3105/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 കടത്തു ലേലം-ലേലം കൊണ്ട തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലേലം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ കടത്ത് ലേലം ചെയ്തതിൽ ലേലം കൊണ്ട വ്യക്തികളിൽ നിന്നും തുക പൂർണ്ണമായും ഈടാക്കിയിട്ടില്ലായെന്ന് കണ്ടു.

| ക്രമ നം | കടവ് | ഉയർന്ന തുക രേഖപ്പെടുത്തിയ വ്യക്തി | ലേലത്തുക | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ഗോവേന്ദ കടവ് | സുധാകരൻ K.M | 3300 | 2000 | 1300 |
| 2 | കോലത്ത് ജെട്ടി | സതീന്ദ്രൻ | 26,000 | 2200 | 23,800 |
| | | | | ആകെ | 25,100 |

ഓഡിറ്റ് അന്വേഷണത്തിനു (നം: 8, തീയതി 3/1/2020) നല്കിയ മറുപടിയിൽ മേൽപ്പറഞ്ഞ ലേലങ്ങളിൽ നിന്നും പഞ്ചായത്തിൽ ഈടാക്കേണ്ടതായ ആകെ തുക 25,100/- രൂപ ഈടാക്കാൻ 03/05/2019 ൽ നോട്ടിസ് നൽകിയിരുന്നതായും എന്നാൽ നാളിതുവരെ തുക ഒടുക്കാത്തതിനാൽ ടിയാളുകൾക്കെതിരെ ആർ.ആർ നടപടികൾ സ്വീകരിച്ചു വരിക ആണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലേല വ്യവസ്ഥകൾ പ്രകാരം യഥാസമയം നോട്ടിസ് നല്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 കെൽട്രോൺ വിതരണം ചെയ്യാത്ത കമ്പ്യൂട്ടറിനും തുക ചെലവഴിച്ചു

2018-19 സാമ്പത്തികവർഷം മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡിൽ 150000/- രൂപ വകയിരുത്തി ഹെഡ്മിസ്ട്രസ് നിർവ്വഹണം ചെയ്ത എൽ.പി.സ്കൂളുകൾക്ക് ലാപ് ടോപ്പ്/കമ്പ്യൂട്ടർ വാങ്ങൽ (പ്രോജക്ട് നം. S0069/19) എന്ന പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSEDC) 28.12.18 ലെ പ്രൊഫോർമ ഇൻവോയ്സ് (TVM/ITBG/PI/RC/4965/17-18) പ്രകാരം, ലാപ് ടോപ്പ്/കമ്പ്യൂട്ടർ എന്നിവയുടെ വിലവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | വില |
|---|---|---|---|---|
| 1 | ലാപ് ടോപ്പ് | 38902 | 3 | 116706 |

| | | | | |
|---|---|---|---|---|
| 2 | ഡസ്ക് ടോപ്പ് | 32090 | 1 | 32090 |
| ആകെ | | | | 148796 |

കെൽട്രോണിന്റെ delivery challan പ്രകാരം 3 laptop കൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിന് 116706/- രൂപയുടെ ബില്ലും കെൽട്രോൺ നൽകി. എന്നാൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള ഒരു desktop ന്റെ വിലയും ഉൾപ്പടെ 148796/- രൂപ KSEDC ക്ക് നൽകി. (ബിൽ നം.1/18-19/10.01.19 തുക.148796/-). സ്റ്റോക്ക് രജിസ്റ്റർ, വിതരണവിവരം, കെൽട്രോണിന്റെ കൈപ്പറ്റ് രശീതി എന്നിവ ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, 7/1/2020) മറുപടി ലഭ്യമാക്കിയില്ല. കെൽട്രോൺ വിതരണം ചെയ്യാത്ത ഒരു desktop ന്റെ വിലയായ 32090/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർക്ക് അധിക തുക നൽകി

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീയതി. 29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റി വഴി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% വർദ്ധനയാണ് നൽകിയിട്ടുള്ളത്. പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും 2.5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലമാണ് അധിക തുക നൽകേണ്ടി വന്നത്. (വാറ്റിനത്തിലുള്ള 5% കിഴിവ് ബില്ലിൽ വരുത്തിയിട്ടുണ്ട്.) വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | ഒ.എച്ച് 7.5% ഉൾപ്പെടുത്തിയ പ്രവൃത്തി മൂല്യം | 5% വാറ്റ് കിഴിവ് വരുത്തിയതിനു ശേഷമുള്ള തുക | ആകെ ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കൈതപറമ്പ് മുതൽ പി.ഡബ്യൂഡി വരെ നടപ്പാത- 106/19<br>കൺവീനർ - രാജേഷ്<br>എം. ബുക്ക് - 6/16-17<br>പ്രവൃത്തി മൂല്യം - 77174/-(ഫൈനൽ)<br>ബിൽ നം. 9/23.5.18,73315/-<br>17-18 – 51361/- | 75420 | 71649<br>(75420- 3771) | 71649 | 1666 |
| 2 | സിനുഭവൻ മുതൽ മിൽമ (നം.182) വരെ നടപ്പാത മെയിന്റനൻസ്- | 108637 | 103205<br>(108637-5432) | 103205 | 1905 |

| | | | | | |
|---|---|---|---|---|---|
| | 109/18<br>കൺവീനർ -<br>ജോസഫ്.എം.എ<br>എം. ബുക്ക്-40/16-17<br>പ്രവൃത്തി മൂല്യം - 111163/-<br>ബിൽ നം. 10/23.5.18,105110/- | | | | |
| ആകെ | | | | | 3571 |

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മേൽ മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കപ്പെടാത്തതായി പരിശോധനയിൽ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1)മിനിട്ട്സിൽ പ്രവർത്തിയുടെ പ്രഥമ യോഗ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് വിവരങ്ങൾ, പൂർത്തീകരണ വിവരം, ചെലവ് കണക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(2) പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(3)പ്രവൃത്തിയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയതിന്റെ ക്യാഷ് ബിൽ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

(4) പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല.

(5)പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ വളരെയധികം കാലതാമസമുണ്ടായി ട്ടുള്ളതായി കാണുന്നു. 16.2.2017 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചത് 24.3.18 ലാണ്.

മേൽ അപാകതകൾക്ക് അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കൺവീനറക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്നും, മറ്റ് അപാകതകൾ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി ചെലവ് ചെയ്ത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കുവാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പാലിയേറ്റീവ് കെയർ-ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹന വാടക നൽകി

പ്രോജക്റ്റ് നം. -S0016/19

ചെലവ് - 588716 ( വികസന ഫണ്ട്-493316, ബ്ലോക്ക് വിഹിതം-95400)

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. കുപ്പപ്പുറം) നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്റ്റ് പരിശോധിച്ചതിൽ ഹോം കെയർ രജിസ്റ്റർ , നഴ്സ് ഡയറി എന്നിവ പ്രകാരം 28.10.18, 28.11.18 എന്നീ ദിവസങ്ങളിൽ ഹോം കെയർ നടത്തിയിട്ടില്ല. എന്നാൽ ഈ ദിവസങ്ങളിൽ ശ്രീ. രവീന്ദ്രനാഥൻ റ്റി.കെ. എന്നയാൾക്ക് മോട്ടോർ ബോട്ട് ഓടിയതിന്റെ വാടക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| വൗച്ചർ നം./തീയതി | നൽകിയ തുക | ട്രഷറി ബിൽ നം./ തീയതി | റിമാർക്സ് |
|---|---|---|---|
| 5/18-19<br>28.10.18 | 3000/- | 3/18-19<br>29.11.18 | ഹോം കെയർ ഇല്ലാത്ത ദിവസം മോട്ടോർ ബോട്ട് ഓടിയതിന്റെ |

| | | | |
|---|---|---|---|
| | | തുക 72650 | |
| 5/18-19<br>28.11.18 | 3000/- | 4/18-19<br>16.01.19<br>തുക 79983 | വാടക |
| ആകെ | 6000/- | | |

ഹോം കെയർ ഇല്ലാത്ത ദിവസം മോട്ടോർ ബോട്ട് ഓടിയതിന്റെ വാടകയായി നൽകിയ 6000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018- 19 | 50000 | പാലിന് സബ്സിഡി | 50000 | 0 |
| | | 100000 | പാലിയേറ്റീവ് കെയർ | 95400 | 4600 |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 2834994 | ലൈഫ് ഭവന പദ്ധതി | 2834994 | 0 |
| | | | ലൈഫ് ഭവന പദ്ധതി(എസ്.റ്റി) | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 95750 | 4250 |
| | | 1810496 | ലൈഫ് ഭവന പദ്ധതി | 1337924 | 472572 |

#### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് പോസ്റ്റ് ട്രാൻസ്ഫർ | 31/18-19,<br>16.03.19 | 7528 | 7528 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 23/18-19,<br>05.02.19 | 700000 | 700000 | 0. |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 40/18-19,<br>20.03.19 | 90,000 | 90,000 | 0 |

#### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

#### 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | GO(ms)562/2010 dtd. 22.02.2010 | 15729000 | 12300 | | | 12300 |
| ലൈഫ് ഭവന പദ്ധതി | GO(ms)111/18 LSGD, dtd. 13.08.2018 | 10945405 | 10945405 | | | 10945405 |

**4 -5. സ്ഥിരനിക്ഷേപങ്ങൾ**

**ഇല്ല**

**4-6. ഓഡിറ്റ് റിക്കവറി**

ഇല്ല

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-11 | 2010-11 | 5-2-11(1) | അങ്കണവാടി കുട്ടികൾക്കുള്ള അരിഷ്ടം വിതരണം | ബഹു : നിയമസഭാ സമിതിക്ക് മുൻപാകെ മറുപടി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 2015-16 | 2.1 | 2016-17 | അനുബന്ധം 5-2.1 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

**4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം**

**ഇല്ല**

**4-9. ഓഡിറ്റ് പ്രത്യവലോകനം**

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64404301 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63689685 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 25100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41661 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2165245 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 25100 | | സെക്രട്ടറി , പി.വി . വിനോദ് |
| 3-1 | | 32090 | കെ.ആർ.മോളിക്കുട്ടി, ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.എസ്. കുട്ടമംഗലം |
| 3-2 | | 3571 | ബിനോയി ബോസ്, അസി.എൻജിനീയർ |
| 3-3 | | 6000 | ഡോ.ശരത്ചന്ദ്രബോസ്, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| **ആകെ** | 25100 | 41661 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 199986 | കെ.ആർ.മോളിക്കുട്ടി, ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.എസ്. കുട്ടമംഗലം |
| 1-20 | 116706 | കെ.ആർ.മോളിക്കുട്ടി, ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.എസ്. കുട്ടമംഗലം |
| 1-21 | 470873 | കെ.ആർ.മോളിക്കുട്ടി, ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.എസ്. കുട്ടമംഗലം |
| 1-22 | 10,000 | സെക്രട്ടറി , പി. ജി. പ്രകാശ് |
| 1-23 | 790000 | പി.വി.വിനോദ്,സെക്രട്ടറി |
| 1-27(എ) | 100520 | സന്തോഷ് കുമാർ,കൃഷി ഓഫീസർ |
| 1-27(ബി) | 258500 | സന്തോഷ് കുമാർ,കൃഷി ഓഫീസർ |
| 1-27 (സി) | 75000 | സന്തോഷ് കുമാർ,കൃഷി ഓഫീസർ |
| 1-28(ബി) | 49560 | ഡോ.ശരത്ചന്ദ്രബോസ്,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| 1-28(സി) | 82100 | ഡോ.ശരത്ചന്ദ്രബോസ്, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |

| | | |
|---|---|---|
| 1-28(ഡി)2&3 | 12000 | ഡോ.ശരത്ചന്ദ്രബോസ്,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| ആകെ | 2165245 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനു/ തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി.വിനോദ്,സെക്രട്ടറി | സെക്രട്ടറി,കൈനകരി ഗ്രാമപഞ്ചായത്ത് | പട്ടത്താനം, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| പി. ജി. പ്രകാശ്, സെക്രട്ടറി | സെക്രട്ടറി, കൈനകരി ഗ്രാമപഞ്ചായത്ത് | സൌപർണിക, പാതിരപ്പള്ളി, ആലപ്പുഴ |
| ബിനോയി ബോസ്, അസി.എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, കൈനകരി ഗ്രാമപഞ്ചായത്ത് | ശ്രീനന്ദനം, എസ്.എൽ.പുരം, ചേർത്തല |
| ഡോ.ശരത്ചന്ദ്രബോസ്, മെഡിക്കൽ ഓഫീസർ (അലോപ്പതി) | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി, കൈനകരി | ഋതുഗേഹം,പൂന്തോപ്പ്, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| കെ.ആർ.മോളിക്കുട്ടി, ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.എസ്. കുട്ടമംഗലം | ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.എസ്. കുട്ടമംഗലം | രാജ് നിവാസ്, പെരുന്ന പി.ഒ, ചങ്ങനാശ്ശേരി |
| സന്തോഷ് കുമാർ,കൃഷി ഓഫീസർ | കൃഷി ഓഫീസർ,കൃഷി ഭവൻ,കൈനകരി | നന്ദനം, ദേവസ്വം പറമ്പ് , കോമന, അമ്പലപ്പുഴ |

**4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2007-08 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2008-09 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2009-10 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2010-11, 2011-12 | എൽ.എഫ്. എ.പി.1-268/11.06.2013/29.06.2013 |
| 2012-13 | എൽ.എഫ്.എ.പി.1/1861/2014,22.12.2014/30.03.2015 |
| 2013-14 | എൽ.എഫ്.എ.പി-1-672/2015,23.07.2015/04.08.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ/എ.എൽ.പി-പി1/210/16/21.03.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി-പി1/135/17/2.02.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി1/1243/17/07.08.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി1/322/19/12.06.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

**അനുബന്ധം -1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൈനകരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

**അനുബന്ധം -2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ